# കേരള സർവകലാശാല

നം. പി.ആർ.080/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## തീയതി നീട്ടി

കേരള സർവകലാശാലയുടെ വിവിധ പഠന വകുപ്പികളിലെ ബിരുദാനന്തര ബിരുദ (സി.എസ്.എസ്) കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള തീയതി ഏപ്രിൽ 25 വരെ നീട്ടി.

## എം.സി.എ ഓൺലൈൻ രജിസ്ട്രേഷൻ

ഒന്നും മൂന്നും സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി, അഞ്ചാം സെമസ്റ്റർ (2015 സ്കീം) റഗുലർ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ ഒൻപത് മുതൽ ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. ജി.എൻ.എം/ബി.എസ്സി; നഴ്സിംഗ്, കൂടാതെ കേരള രജിസ്ട്രേഷൻ ചെയ്തിരിക്കണം. ഫീസ്: 7500 രൂപ. ക്ലാസ്സുകൾ: ശനി, ഞായർ ദിവസങ്ങളിൽ. കോഴ്സ് കാലാവധി: ആറ് മാസം. വിവരങ്ങൾക്ക്: ഫോൺ: 0471-2302523. അവസാന തീയതി : ഏപ്രിൽ 20.

## പി.ജി സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പി.ജി സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിക്കാം. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം. കോഴ്സ് കാലാവധി: ആറ് മാസം. ഫീസ്: 10,500/- അപേക്ഷ ഫീസ്: 100 രൂപ. അവസാന തീയതി: ഏപ്രിൽ 20. അപേക്ഷാഫോറം പി.എം.ജി ജംഗ്ഷനിലെ സി.എ.സി.ഇ.ഇ ഓഫീസിൽ ലഭിക്കും. ഫോൺ: 0471-2302523.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി: ആറ് മാസം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. കോഴ്സ് ഫീസ്: 7500 രൂപ. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷാഫീസ് : 110 രൂപ. വിശദവിവരങ്ങൾക്ക്: 0472-2867555, 7293973530.

## ബി.പി.എ പ്രാക്ടിക്കൽ പരീക്ഷകൾ

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ ഡാൻസ്, മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.പി.എ ഡാൻസ് പരീക്ഷയുടേയും പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ ഏപ്രിൽ 16 മുതൽ 18 വരെ ശ്രീസ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

ഏപ്രിൽ 25-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ/ബി.എസ്സി/ബി.കോം ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ/എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ

ഏപ്രിൽ 16-ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം വർഷ എം.എ/എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ മേയ് 15 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അഡ്മിഷൻ ആരംഭിച്ചു

കേരള സർവകലാശാല ക്യാമ്പസ് അസോസിയേഷൻ നടത്തുന്ന നഴ്സറി സ്കൂളിൽ 2018-19 അദ്ധ്യായന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഡേ കെയർ, എൽ.കെ.ജി, യു.കെജി എന്നീ ക്ലാസ്സുകളിലേക്ക് അഡ്മിഷൻ നേരിടാനുള്ള അവസാന തീയതി മേയ് 15. വിശദവിവരങ്ങൾ വെബ്സൈറ്റ് (www.keralauniversity.ac.in) സന്ദർശിക്കുക. നമ്പർ: 7558079312, 9846830314.

## യു.ജി.സി ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് സെന്ററിൽ ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

കേരള സർവകലാശാലയുടെ യു.ജി.സി ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ ഡയറക്ടർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രൊഫസർ ഗ്രേഡിൽ അദ്ധ്യാപന പരിചയമുള്ള സർവീസിൽ നിന്ന് വിരമിച്ച അദ്ധ്യാപകർക്ക് അപേക്ഷ സമർപ്പിക്കാം. ഭരണരംഗത്തും പരിശീലന രംഗത്തുമായി 10 വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. പ്രായപരിധി 31.03.2018-ൽ 64 വയസ്സ് കവിയരുത്. നിശ്ചിത വേതനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ബന്ധപ്പെട്ട രേഖകളുടെ കോപ്പിയുമായി ഏപ്രിൽ 20-ന് മുൻപ് സർവകലാശാല രജിസ്ട്രാർക്ക് സമർപ്പിക്കണം.

തിരുവനന്തപുരം.
10.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in